പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1763 — 03.05.2017 -ൽ മറുപടിക്ക്.

## എൽ.പി.ജി. ഉപഭോക്താക്കൾക്ക് വ്യത്യസ്ത നിരക്കിലുള്ള ഡെലിവറി ഫീസ്

ചോദ്യം

**ശ്രീ.മഞ്ഞളാംകുഴി അലി**

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി |
|---|---|---|
| (എ) വിവിധ കമ്പനികളിലെ എൽ.പി.ജി. ഉപഭോക്താക്കൾക്ക് ഗ്യാസ് സിലിണ്ടർ എത്തിച്ചു നൽകുന്നതിന് വ്യത്യസ്ത നിരക്കിലുള്ള ഡെലിവറി ഫീസ് ഈടാക്കി വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) ഇത്തരത്തിൽ ഏകീകൃതമല്ലാത്ത നിരക്ക് ഈടാക്കുന്നത് ഈ രംഗത്ത് ചൂഷണത്തിനിടയാക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ; | (എ) & (ബി) | ഗ്യാസ് സിലിണ്ടർ വീട്ടിൽ എത്തിച്ചു നൽകുന്നതിനുള്ള ഡെലിവറി ചാർജ്ജ് നിശ്ചയിക്കുന്നത് ഓരോ ജില്ലയുടേയും ഭൂപ്രകൃതി അനുസരിച്ച് അതാത് ജില്ലാ കളക്ടർമാരാണ്. അതാത് ഗ്യാസ് ഏജൻസിയുടെ ഗ്യാസ് സിലിണ്ടറുകൾ സ്റ്റോക്ക് ചെയ്യുന്ന ഗോഡൗൺ മുതൽ ഉപഭോക്താവിന്റെ വീട് വരെയുള്ള ദൂരം അടിസ്ഥാനമാക്കിയാണ് ഡെലിവറി ഫീസ് നിശ്ചയിച്ചിട്ടുള്ളത്. ചില ഏജൻസികൾ ഡെലിവറി ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച് ചുരുക്കം ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ ജില്ലയിലും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഡെലിവറി ചാർജ്ജ് പ്രസിദ്ധപ്പെടുത്തണമെന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുന്നത് തടയുന്നതിനായി ഗ്യാസ് സിലിണ്ടറുകളുടെ ഡെലിവറി ചാർജ്ജ് ഡെലിവറി ക്യാഷ് മെമ്മോയിൽ രേഖപ്പെടുത്തുന്നുണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഡെലിവറി ചാർജ്ജ് സംബന്ധിച്ച പരാതികൾ ഉപഭോക്താക്കൾക്ക് ജില്ലാ കളക്ടറുടെ പരാതി പരിഹാര അദാലത്തുകളിൽ ഉന്നയിക്കാവുന്നതും പരിഹാരം തേടാവുന്നതുമാണ്. |
| (സി) ഗ്യാസ് ഏജൻസികളുടെ ഡെലിവറി ഫീസും സമാനമായ മറ്റ് ഫീസുകളും ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ഓരോ സ്ഥലത്തേയും ഭൂപ്രകൃതി വ്യത്യസ്തമായതു കൊണ്ട് തന്നെ ഡെലിവറി ഫീസ് ഏകീകരിക്കാൻ സാധ്യമല്ല. |

സെക്ഷൻ ഓഫീസർ